**പതിനാലാം കേരള നിയമസഭ**

**ബുള്ളറ്റിൻ ഭാഗം - 2**

2017 ഏപ്രിൽ 26

**നമ്പർ : 207**

ഇന്ന് (2017 ഏപ്രിൽ 26-ാം തീയതി) സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ ആറാമത് റിപ്പോർട്ടിലെ ശിപാർശകളനുസരിച്ച് ഒന്നാം കേരള നിയമസഭയുടെ ആദ്യയോഗം ചേർന്നതിന്റെ അറുപതാം വാർഷികം സമുചിതമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി 2017 ഏപ്രിൽ 27, വ്യാഴാഴ്ചത്തെ സഭാസമ്മേളനം ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പഴയ നിയമസഭാ ഹാളിൽ ചേരുന്നതാണ്.

അന്നേദിവസത്തേക്ക് നീക്കിവച്ചിരുന്ന ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ച താഴെപ്പറയുന്ന തീയതികളിൽ നിശ്ചയിച്ചിരുന്ന ധനാഭ്യർത്ഥനകളോടൊപ്പം ചർച്ച ചെയ്യുന്നതാണ്.

| ധനാഭ്യർത്ഥനയുടെ നമ്പരും പേരും | | തീയതി |
|---|---|---|
| XL | തുറമുഖങ്ങൾ | 2017 മെയ് 9<br>ചൊവ്വാഴ്ച |
| IX<br>XLI | വാഹനനികുതികൾ<br>ഗതാഗതം | 2017 മെയ് 16 ചൊവ്വാഴ്ച |

2017 ഏപ്രിൽ 27 ലെ സഭാസമ്മേളനത്തിൽ ശ്രദ്ധക്ഷണിക്കൽ, സബ്മിഷനുകൾ എന്നിവ ഒഴിവാക്കുന്നതാണ്. ചോദ്യോത്തരവേളയ്ക്കുശേഷമുള്ള സമയം കേരള നിയമസഭയുടെ ആദ്യ സമ്മേളനത്തിന്റെ അറുപതാം വാർഷികത്തിന്റെ അനുസ്മരണത്തിനും 2017 ലെ മലയാള ഭാഷ ( നിർബ്ബന്ധിത ഭാഷ) ബില്ലിന്റെ അവതരണത്തിനും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തിന്മേലുള്ള ചർച്ചയ്ക്കുമായി വിനിയോഗിക്കുന്നതുമാണ്.

2017 ഏപ്രിൽ 28, വെള്ളിയാഴ്ച സഭ ചേരുന്നതല്ല.

വി.കെ.ബാബുപ്രകാശ്,
സെക്രട്ടറി.